നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 26, വെള്ളി

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 1979 ഒക്ടോബർ 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ശ്രദ്ധ ക്ഷണിക്കൽ

വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിലെ തൊഴിലാളി മർദ്ദനം

ശ്രീ. എ. വി. താമരാക്ഷൻ: സർ, വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ നിർമ്മാണപ്രവർത്തനത്തിൽ 75 മുതൽ 5,000-ത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇന്നുവരെയും തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ മാനേജുമെൻറും മാനേജുമെൻറിൻെറ കീഴിലുള്ള വിവിധ കൺസ്ട്രക്ഷൻ കമ്പനികളും യാതൊരു തീരുമാനവും എടുത്തിട്ടില്ല. അതുസംബന്ധിച്ച് യൂണിയനുകളും മാനേജുമെൻറുമായി ചർച്ച നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണ് ഈ ഓണ അവധി കഴിഞ്ഞ് തൊഴിലാളികൾ പണിക്കു ചെന്നപ്പോൾ കഴിഞ്ഞ 1975 മുതൽ ജോലി ചെയ്തുകൊണ്ടിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നിഷേധിച്ചു. മാത്രമല്ല പുതിയ തൊഴിലാളികളെ അവിടത്തെ മാനേജുമെൻറും സബ് കൺട്രാക്ടറും എടുക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് കേരള കൺസ്ട്രക്ഷൻ ലേബർ (കെ.സി.എൽ.) യൂണിയൻെറ വൈസ് പ്രസിഡൻറ് ശ്രീ. സഖറിയാ മാത്യുവും ജോയിൻറ് സെക്രട്ടറി ശ്രീ. ഷെരീഫും കൂടി സംസാരിക്കാൻ ചെന്നപ്പോൾ ഇവരെ രണ്ടുപേരേയും, അവിടത്തെ സബ് കൺട്രാക്ടർ ശ്രീ. പ്രഭാകരനും അദ്ദേഹത്തിൻെറ ഗുണ്ടകളും ചേർന്ന് മർദ്ദിക്കുകയുണ്ടായി. ശ്രീ. സഖറിയാ മാത്യു ഈ ഗുണ്ടകളുടെ മർദ്ദനം കൊണ്ട് ബോധംകെട്ടുവീഴുകയും മരിച്ചുപോയെന്ന ധാരണയിൽ കൺട്രാക്ടറും അയാളുടെ ഗുണ്ടകളുംകൂടി ആ തൊഴിലാളിയെ വലിച്ചിഴച്ച് ഒരു ആഫീസ് മുറിയിലിട്ടു പൂട്ടുകയും ചെയ്തു. അവിടെനിന്ന് ഓടി രക്ഷപ്പെട്ട ഷെരീഫ് ഈ തൊഴിലാളിയെ രക്ഷപ്പെടുത്തണം, ആശുപത്രിയിൽ എത്തിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മാനേജുമെൻറിനേയും അവിടത്തെ സെക്യൂരിറ്റി ഓഫീസറായ ഡി.വൈ.എസ്.പി. യേയും സമീപിച്ചിട്ടും

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു നടപടിയും എടുത്തില്ല. ഈ തൊഴിലാളി മരിച്ചു എന്ന ആശങ്കയോടുകൂടി അവിടെയെത്തിയ നൂറുകണക്കിന് തൊഴിലാളികൾ ഓഫീസ് തള്ളിത്തുറക്കുകയും ആ തൊഴിലാളിയെ ആശുപത്രിയിൽ കൊണ്ടുപോവുകയും ചെയ്തു. ഈ അവസരത്തിലുണ്ടായ സംഘട്ടനത്തിൽ, മാനേജുമെന്റിന്റെ ഗുണ്ടകളും തൊഴിലാളികളും തമ്മിലുണ്ടായ സംഘട്ടനത്തിൽ, തൊഴിലാളികൾക്കും പരിക്കുപറ്റി. അതിനുശേഷം അവിടെയെത്തിയ നൂറുകണക്കിന് പോലീസുദ്യോഗസ്ഥൻമാരും പോലീസുകാരും അവിടെ കണ്ട തൊഴിലാളികളെ മുഴുവൻ പട്ടിയെ തല്ലുന്നതുപോലെ തല്ലി. മാത്രമല്ല, കണ്ടാലറിയാവുന്ന നൂറുപേരുടെ പേരിൽ കൊലപാതകശ്രമം, തീവെപ്പ്, മോഷണം തുടങ്ങിയവയ്ക്കുള്ള ഒട്ടനവധി വകുപ്പുകൾ ചേർത്തുകൊണ്ട് കേസെടുത്ത് തൊഴിലാളികളെ അറസ്റ്റുചെയ്യുകയും ലോക്കപ്പിലിട്ട് മർദ്ദിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സെപ്റ്റംബർ 7-ാംതീയതി നടന്ന സംഭവത്തെ സംബന്ധിച്ചാണെങ്കിൽ ഇന്നുവരെയും കോടതിയിൽ കേസ് ചാർജുചെയ്തിട്ടില്ല. കണ്ടാൽ അറിയാവുന്ന കേസിന്റെ പരിധിവച്ചുകൊണ്ട് രാത്രികാലങ്ങളിൽപോലും തൊഴിലാളികളുടെ വീട്ടിൽ കയറിയിറങ്ങി അറസ്റ്റുചെയ്യുകയാണ്. ഞാനും എന്റെ നേതാവ് ശ്രീ. ശ്രീകണ്ഠൻനായരുംകൂടി ആപ്രദേശമാകെ സന്ദർശിക്കുകയുണ്ടായി. ഞങ്ങളം അവിടെ ചെന്നപ്പോഴം തൊഴിലാളികളിൽനിന്നും കിട്ടിയ റിപ്പോർട്ട് രാത്രികാലങ്ങളിൽ കുടുംബമായിക്കഴിയുന്ന വീടുകളിൽ പോലീസ് കടന്നുചെന്ന് അവരെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുന്നു എന്നാണ്.

സർ, അതുകൊണ്ട് ഇതുസംബന്ധിച്ച് ഗവൺമെന്റ് അടിയന്തിരമായി അന്വേഷിക്കുകയും തൊഴിലാളികളെ ആക്രമിക്കുന്നതിനു കൂട്ടുനിന്ന പോലീസുകാരുടെ പേരിൽ നടപടിയെടുക്കുകയും ഇന്ന് ലാക്കൗട്ട് ചെയ്തിരിക്കുന്ന വെസ്റ്റേൺ ഇൻഡ്യാ കൺസ്ട്രക്ഷൻ കമ്പനിയിലെ തൊഴിലാളികൾക്ക് ജോലി കൊടുക്കുകയും അവർക്ക് അടിയന്തിരമായി ദുരിതാശ്വാസം എത്തിക്കുകയും തൊഴിൽ പ്രശ്നങ്ങളിൽ പോലീസിന്റെ ഇത്തരം സമീപനത്തെസംബന്ധിച്ച നിലപാടു പുനർവിചിന്തനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ഈ സംഭവങ്ങളിലേക്ക് ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയിൽ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെ ബിൽഡിംഗ് പണിയിൽ ഏർപ്പെട്ടവരും ഇപ്പോൾ തൊഴിലില്ലാത്തവരുമായ 5 പേർ 7-9-1979-ൽ വെസ്റ്റേൺ ഇൻഡ്യാ കൺസ്ട്രക്ഷൻ കമ്പനിയുടെ സബ് കൺട്രാക്ടറായ പ്രഭാകരന്റെ ഓഫീസിൽ ചെന്ന് ജോലി ചോദിച്ചു. പ്രഭാകരൻ ജോലി കൊടുത്തില്ല. അതിനെ തുടർന്ന് ഒരു വാക്കുതർക്കമുണ്ടായി. പ്രഭാകരനും, പ്രഭാകരന്റെ ജോലിക്കാരും ഒരുവശത്തും 5 തൊഴിലാളികളം മറുവശത്തുമായി ഒരു അടികലശൽ നടന്നു. 5 തൊഴിലാളികളിൽ ഒരാൾക്ക് പരിക്കുപറ്റി വയ്ക്കം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അയാളുടെ മൊഴി അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രഭാകരൻ ഒരു തൊഴിലാളിയെ മർദ്ദിച്ചു എന്ന ധാരണമൂലം ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയിലെ അഞ്ഞൂറോളം തൊഴിലാളികളം അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ഓഫീസ് സ്റ്റാഫിനേയും ദേഹോപദ്രവം ഏൽപിച്ചു. പ്രഭാകരനും ഒരു ഹെഡ്കൗൺസ്റ്റബിളിനും രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എ.ആർ.പി.ക്കാർക്കും പരിക്കുപറ്റി. വെള്ളൂർ പോലീസ് ഇതിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലാ ഡി.വൈ.എസ്.പി. യും പോലീസ് പാർട്ടിയും സ്ഥലത്തെത്തി സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കി. 11-9-1979-ൽ രണ്ടാമത്തെ കേസിലെ പ്രതികളെ അറസ്റ്റുചെയ്തു. എല്ലാ തൊഴിലാളികളും സൂചനാ പണിമുടക്കം നടത്തി. വെസ്റ്റേൺ ഇൻഡ്യാ എറക്ഷൻ വാക്കൗട്ട് ചെയ്തതിനെ തുടർന്ന് കമ്പനിപ്പടിക്കൽ സത്യഗ്രഹം നടത്തുന്നുണ്ട്. പ്രതികാര നടപടിയൊന്നും പോലീസ് സ്വീകരിച്ചിട്ടില്ല. 9, 10 തീയതികളിൽ അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ ഏറ്റുമുട്ടലിനെ തുടർന്ന് പോലീസ് രണ്ടു കേസുകളും ചാർജുചെയ്ത് നടപടി എടുത്തുവരുന്നുണ്ട്. ഇപ്പോൾ സ്ഥിതിഗതി ശാന്തമാണ്.

II. സബ്മിഷൻ

മാതൃഭൂമി പത്രമാഫീസിലെ പണിമുടക്ക്

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു സബ്മിഷൻ. സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു ദിനപ്പത്രമായ മാതൃഭൂമിയിലെ ജീവനക്കാർ ഒരു പണിമുടക്കിൽ ഏർപ്പെട്ടിട്ട് വളരെ നാളുകളായി. മിനിമം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നടത്തിയതിനെ തുടർന്ന് യാതൊരു നടപടിയും എടുക്കാതെ ആ സ്ഥാപനത്തിലെ തൊഴിലാളികളെ സസ്പെൻറുചെയ്തു. അതിനെ തുടർന്ന് ആ തൊഴിലാളികൾ പണിമുടക്കാൻ നിർബന്ധിതരായി. അതിനുശേഷം ലാക്കൗട്ടുചെയ്ത് പണിമുടക്കിനെ വെല്ലുവിളിച്ചിരിക്കുകയാണ് മാനേജുമെൻറ്. അവരുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് യാതൊരു ശ്രമവും നടത്തിയിട്ടില്ല. ജീവനക്കാർ 12 വർഷക്കാലമായി ശമ്പളപരിഷ്ക്കാരം നടപ്പിൽ വരുത്തിയിട്ടില്ലെന്നു പറഞ്ഞ് സമാധാനപരമായി ആവശ്യങ്ങൾ ഉന്നയിക്കുന്ന സമയത്ത് എകസിക്യൂട്ടീവ് സ്റ്റാഫിൽപ്പെട്ട ആളുകൾക്ക് ഇരട്ടി ശമ്പളം വർദ്ധിപ്പിച്ചുകൊണ്ട് മറ്റുള്ളവരെ പ്രകോപിപ്പിക്കുകയാണ് ചെയ്തത്. അതിനെത്തുടർന്നാണ് സമരം. ലാക്കൗട്ട് ചെയ്ത് ഈ പ്രശ്നം സങ്കീർണ്ണമാക്കുന്നതിനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അതിനിടയ്ക്കാണു സർ, കേരളത്തിലെ പത്രജീവനക്കാർ ആകെത്തന്നെ പണിമുടക്കിലേയ്ക്കു നീങ്ങുന്നതിനുവേണ്ടിയുള്ള ഒരു ശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ഡി. എ. വർദ്ധിപ്പിച്ചു കിട്ടുക, ഇടക്കാലാശ്വാസം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവർ ഒരു പണിമുടക്കിലേക്ക് നീങ്ങിയിരിക്കുകയാണ്. ഗവൺമെൻറ് ഇടപെട്ട് ഈ പണിമുടക്കിലേക്കുള്ള ഈ നീക്കം അവസാനിപ്പിക്കാനും അതുപോലെതന്നെ മാതൃഭൂമിയിൽ നടക്കുന്ന പണിമുടക്ക് അവസാനിപ്പിക്കാനും വേണ്ടി അടിയന്തിരനടപടി എടുക്കണമെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, കേരളത്തിലെ പത്രജീവനക്കാരും പത്ര ഉടമകളും തമ്മിൽ ഒരു തർക്കമുണ്ട്. പത്രജീവനക്കാർക്ക് ഡി. എ. വർദ്ധനവും അതുപോലെതന്നെ ഇൻറിം വേജ് വർദ്ധനവും നൽകണമെന്ന ഒരു ആവശ്യമാണ് ഈ തൊഴിൽത്തർക്കംമൂലം ഉണ്ടായിട്ടുള്ളത്. ഇതിനു പരിഹാരം കാണുന്നതിനുവേണ്ടി ഒരു കൺസിലിയേഷൻ കോൺഫറൻസ് മൂന്നു ദിവസത്തിനുമുമ്പ് ഞാൻതന്നെ വിളിച്ചുകൂട്ടുകയുണ്ടായി. പത്ര ഉടമകളും അതുപോലെതന്നെ കാൺഫെഡറേഷൻ അംഗങ്ങളും ജീവനക്കാരുടെ പ്രതിനിധികളും എല്ലാംതന്നെ ആ കാൺഫറൻസിൽ സംബന്ധിച്ച് ചർച്ചയ്ക്കുശേഷം ഡി. എ. പ്രശ്നം വേജുബോർഡിൻെറ

LIBRARY ARCHIVES Kerala Legislative Assembly